**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **08-06-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക അച്ചടക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സാമ്പത്തിക അച്ചടക്കം പാലിക്കാതിരുന്നതും നികുതി പിരിവിലുണ്ടായ വീഴ്ചയും ജി.എസ്.ടി. വരുമാനത്തിൽ ഉണ്ടായ ഇടിവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2020-21 –ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22 –ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. ജി.എസ്.ഡി.പി യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 –ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 |

| | | | |
|---|---|---|---|
| | | | കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. |
| (ബി) | മുൻ സർക്കാരിന്റെ അവസാന കാലത്ത് പത്ര-ദൃശ്യമാധ്യമങ്ങൾ വഴി കോടിക്കണക്കിന് രൂപയുടെ പരസ്യങ്ങൾ നൽകിയതിലൂടെ സംസ്ഥാനത്തിന്റെ ഖജനാവ് കൂടുതൽ ശുഷ്കമാകുന്നതിന് ഇടയായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സർക്കാരിന്റെ നയങ്ങളും പ്രവർത്തന പരിപാടികളും പൂർത്തീകരിച്ച വികസന ലക്ഷ്യങ്ങളും പൊതുജനങ്ങളെ അറിയിക്കുകയെന്ന ജനാധിപത്യ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ ഇക്കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ചിട്ടുള്ളൂ. |
| (സി) | ചെലവ് ചുരുക്കുവാൻ മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിജയപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (സി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന മുൻ സർക്കാരിന്റെ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളത് മുൻസർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്. |
| (ഡി) | 1957 മുതൽ 2016 വരെ സംസ്ഥാനം ഭരിച്ച എല്ലാ സർക്കാരുകളും കൂടി വാങ്ങിയതിനേക്കാൾ അധികം കടം 2016-21 കാലഘട്ടത്തിലെ സർക്കാർ വാങ്ങിയിട്ടുണ്ടോ; ഇത് നമ്മുടെ സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ്പരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. മേൽപറഞ്ഞ പരിധിക്കുള്ളിൽ നിന്നു കൊണ്ടു തന്നെയാണ് സംസ്ഥാനം 2016-21 കാലഘട്ടത്തിൽ കടമെടുപ്പ് നടത്തിയിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20 ൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ |

| | | | |
|---|---|---|---|
| | | | 1471 കോടി രൂപയുടെ അധിക വായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകി യിട്ടുണ്ട്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെ പറയുന്ന സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പി ലാക്കണമെന്ന വ്യവസ്ഥയോടെയാണ് നൽകിയിരുന്നത്. 1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ. 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക. 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ. 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ. മേൽ പരിഷ്കാരങ്ങളെല്ലാം സംസ്ഥാനം നടപ്പിലാക്കുകയും അധിക വായ്പ പൂർണമായും നേടുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക മാന്ദ്യവും കോവിഡ് മഹാമാരിയും സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും സൃഷ്ടിച്ച ആഘാതം അധികവായ്പയിലൂടെയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുമാണ് ഒരു പരിധി വരെ മറികടക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുള്ളത്. |
| (ഇ) | തകർച്ചയിലായ സമ്പദ് വ്യവസ്ഥയെ അനാവശ്യ ധൂർത്തും ആർഭാടവും കുറച്ചും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും രക്ഷപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; | (ഇ) | കോവിഡിന്റെ അങ്ങേയറ്റം ദുഷ്കരമായ ഈ പ്രതിസന്ധി ഘട്ടത്തിൽ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകൾ ഏതാണ്ട് പൂർണ്ണമായി അടഞ്ഞിരിക്കുന്ന പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും ആരോഗ്യ സംരക്ഷണവും സാധാരണ ജന ജീവിതവും ഉറപ്പുവരുത്തുക എന്ന സമീപനമാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും മുൻസർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ച സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. അതേസമയം |

| | | | |
|---|---|---|---|
| | | | മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്തമേഖലകളും ദുരിതമനുഭവിക്കുന്ന ഈ ഘട്ടത്തിൽ പ്രധാന നികുതി, നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുവാൻ സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നില്ല. |
| (എഫ്) | നിലവിലെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ധവളപത്രം പുറപ്പെടുവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (എഫ്) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ